പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 679

29.06.2011-ൽ

മറുപടിയ്ക്ക്

# ദേവസ്വം ബോർഡിന്റെ സ്വത്തുക്കൾ സംരക്ഷിക്കാൻ നടപടി

ചോദ്യം

ശ്രീ.പി.എ. മാധവൻ;

ശ്രീ. വി.ഡി. സതീശൻ;

ശ്രീ.റ്റി.എൻ. പ്രതാപൻ

ഉത്തരം

ശ്രീ. വി.എസ്.ശിവകുമാർ

ആരോഗ്യവും ദേവസ്വവും

വകുപ്പു മന്ത്രി.

(എ) സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വത്തുക്കളും വസ്തുവകകളും സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) ദേവസ്വം ബോർഡിന്റെ സ്ഥലങ്ങൾ അന്യാധീനപ്പെടാതിരിക്കാനും കൈയ്യേറാതിരിക്കാനുമായി റവന്യൂ വകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

എ & ബി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂസ്വത്തുക്കൾ സംരക്ഷിക്കുന്നതിനും, കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക സംവിധാനമായി ഭൂസംരക്ഷണ വിഭാഗം സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് ദേവസ്വം ബോർഡിൽ 15.8.2006 മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടറെ ലാന്റ് സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വത്തുക്കളുടെ സംരക്ഷണത്തിനായി അതാതു ക്ഷേത്രങ്ങളിൽ സ്ട്രോംഗ് റൂമുകൾ, അലാം സംവിധാനം, സെക്യൂരിറ്റി എന്നിവയുണ്ട്. ഭൂസ്വത്തുക്കളുടെ സംരക്ഷണത്തിനായി ഒരു സ്പെഷ്യൽ തഹസിൽദാരും അദ്ദേഹത്തിന്റെ കീഴിൽ ഒരു എൽ.സി യൂണിറ്റും പ്രവർത്തിച്ച് വരുന്നു. മലബാർ ദേവസ്വം ബോർഡിനു കീഴിൽ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിന് ഒരു എൽ..സി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. ലാന്റ് കൺസർവൻസി നിയമം ഉപയോഗിച്ച് അനധികൃത കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി വീണ്ടെടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് കുറിപ്പ് നൽകിയിട്ടുണ്ട്.

(സി) വസ്തുവകകളും സ്ഥലങ്ങളും റീ കൃത്യമായി അളന്നു തിട്ടപ്പെടുത്തി ബ്ലോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേവസ്വങ്ങളുടെ വസ്തുക്കൾ കൃത്യമായി അളന്നു തിട്ടപ്പെടുത്തി ബ്ലോക്ക് രജിസ്റ്റർ (ലാന്റ് രജിസ്റ്റർ) എഴുതി തയ്യാറാക്കി പരിപാലിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കൊച്ചി ദേവസ്വം ബോർഡിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ വസ്തുവകകളും സ്ഥലങ്ങളും സംബന്ധിച്ച വിവരങ്ങളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതും അതാത് ക്ഷേത്രങ്ങളിലാണ്. ബോർഡിന് ഈ ക്ഷേത്രങ്ങളുടെ മേൽനോട്ടച്ചുമതല മാത്രമാണുള്ളത്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ